# കെ.എം.ആർ.എം മഹത്തായ മാതൃക

ആർച്ച്ബിഷപ്പ് തോമസ് മാർ കൂറീലോസ്സ്

കുവൈററിലെ മലങ്കര മക്കളുടെ കൂട്ടായ്മയായ കെ.എം. ആർ.എം-ന്റെ പ്രവർത്തനങ്ങൾ മഹത്തരമെന്ന് തിരുവല്ലാ ആർച്ച് ബിഷപ്പ് തോമസ് മാർ കൂറീലോസ്സ് തിരുമേനി അഭിപ്രായപ്പെട്ടു.ബിഷപ്പ് ഡേ ദിനാഘോഷത്തോടനുബന്ധിച്ച് മേരിഗിരി അരമനയിൽ ചേർന്ന അനുമോദന സമ്മേളനത്തിൽ മറുപടി പ്രസംഗം നടത്തവേ ആണ് കെ.എം.ആർ.എം പരാമർശ വിഷയമായത്. അൽമ്മായ സഹോദരങ്ങളുടെ പ്രവർത്തനങ്ങളിലൂടെ സഭ സമൂഹത്തിൽ അറിയപ്പെടുന്നതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു എന്ന് പറഞ്ഞ തിരുമേനി, കെ.എം.ആർ.എം-ന്റെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ ഏറെ പ്രകീർത്തിച്ച് സംസാരിച്ചു. കഴിഞ്ഞ 5 വർഷമായി കെ.എം. ആർ.എം നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമെന്ന് തിരുമേനി പറഞ്ഞു. ബഹു.വൈദീകരും,സിസ്റേറഴ്സും, വിവിധ സ്ഥാപനങ്ങളുടേയും സംഘടനകളുടേയും പ്രതിനിധികളും സംബന്ധിച്ച സമ്മേ:ളനത്തിൽ രൂപതാ ചാൻസിലർ റവ.ഡോ ആന്റണി ചെത്തിപ്പുഴ സ്വാഗതവും, വികാരി ജനറാൾ മോൺ.ചെറിയാൻ രാമനാലിൽ കോർ എപ്പിസ്ക്കോപ്പ നന്ദിയും രേഖപ്പെടുത്തി. വിദേശ പ്രതിനിധിയായി കെ.എം.ആർ. എം സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ താൻ സന്തോഷിക്കുന്നതായി പിതാവ് പറഞ്ഞു. കെ.എം.ആർ.എംഅംഗങ്ങളുടേയും, മാനേജിംഗ് കമ്മററി അംഗങ്ങളുടേയും പേരിലുള്ള ആശംസകൾ സെക്രട്ടറി ഏബ്രഹാം മുളമൂട്ടിൽ അർപ്പിക്കുകയുണ്ടായി..